പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5944 — 30.07.2015 ൽ മറുപടിയ്ക്ക്

## യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) സാഹിത്യ രംഗത്ത് അഭിരുചിയുള്ള യുവ സാഹിത്യകാരന്മാർക്ക് സാഹിത്യ മേഖലയിലെ ആചാര്യന്മാരുമായി സംവദിക്കുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വേദിയൊരുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് സാഹിത്യ ശിൽപ്പശാലകൾ സംഘടിപ്പിച്ച് വരുന്നു. |
| സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | സി) യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 ജൂലൈ 25,26,27 തീയതികളിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപശാല സംഘടിപ്പിച്ചു. 2013 നവംബർ 9,10,11 തീയതികളിൽ കോഴിക്കോട് വച്ച് യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു. 2015 ജനുവരി 24,25,26 തീയതികളിൽ തൃശ്ശൂരിൽ വച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപശാല സംഘടിപ്പിച്ചു. 2015 ജൂലൈ 24,25,26 തീയതികളിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽ വച്ച് സൗത്ത് ഇന്ത്യൻ റൈറ്റേഴ്സ് എൻസെമ്പിൽ (SIWE) എന്ന പേരിൽ സാഹിത്യ ഫെസ്റ്റിവൽ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ